പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1745 — 05.12.2014 ലെ മറുപടിയ്ക്ക്

കൃഷി വകുപ്പിന് കീഴിൽ മിഷൻ 676- ൽ ഉൾപ്പെടുത്തിയ പദ്ധതികൾ

ചോദ്യം

ശ്രീ. വി. ചെന്താമരാക്ഷൻ

(എ) കൃഷി വകുപ്പിന് കീഴിൽ മിഷൻ 676 ൽ ഉൾപ്പെടുത്തിയ പദ്ധതികൾ ഏതെല്ലാമാണ് ;

(ബി) ഇവയ്ക്ക് ഓരോന്നിനും എന്ത് തുക വീതം നീക്കിവെച്ചിട്ടുണ്ട്; ഇത് ബഡ്ജറ്റിൽ നീക്കിവച്ചതിന് പുറമെയുള്ളതാണോ ;

മറുപടി

ശ്രീ. കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) & (ബി) കൃഷി വകുപ്പിന് കീഴിൽ മിഷൻ 676 ൽ ഉൾപ്പെടുത്തിയ പദ്ധതികളും നീക്കി വച്ച തുകയും ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | നീക്കി വച്ച തുക (കോടി രൂപ) | റിമാർക്ക്സ് |
|---|---|---|---|
| എ. | **പതാകനൗക (ഫ്ളാഗ് ഷിപ്പ്) പദ്ധതികൾ** | | |
| 1. | പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത | 70.00 | 2014-15-ലെ ബഡ്ജറ്റ് വിഹിതം |
| 2. | കേരസമൃദ്ധി | 5.00 | |
| ബി. | **മറ്റ് പ്രധാന പദ്ധതികൾ** | | |
| 1. | നീര ഉല്പാദനം | 5.40 | ഇതിൽ 2.65 കോടി രൂപ 2014-15 – ലെ ബജറ്റ് വിഹിതമാണ്. 0.45 കോടി രൂപ 2013-14-ലെ ബജറ്റ് വിഹിതം |
| 2. | മേഖല കൃഷി ഡയറക്ടറേറ്റ് | | തുകയൊന്നും ഇതു വരെ അനുവദിച്ചിട്ടില്ല. |
| 3. | വിള ആരോഗ്യ പരിപാലനം | 13.35 | 2014-15-ലെ ബഡ്ജറ്റ് വിഹിതം |
| 4. | കീടരോഗ നിരീക്ഷണം | | |
| 5. | എല്ലാ കർഷക ഭവനങ്ങളിലും പോഷക തോട്ടങ്ങൾ | 0.00 | |

| | | | |
|---|---|---|---|
| 6. | കർഷക ഉല്പാദക സംഘങ്ങളും കാർഷിക മാളും | 5.00 | 2014-15-ലെ ബഡ്ജറ്റ് വിഹിതം |
| 7. | നിറവ് പദ്ധതി | 0.00 | ഉപധനാഭ്യർത്ഥന വഴി നാമമാത്രമായി 1000/- രൂപ മാത്രം അനുവദിച്ചു. |
| 8. | ലീഡ്സ് (LEADS) പദ്ധതി | 3.3978 | 2014-15-ലെ ബഡ്ജറ്റ് വിഹിതം |
| 9. | കൃഷി വകുപ്പ് ഫാമുകളുടെ ശാക്തീകരണം | 14.50 | 2014-15-ലെ ബഡ്ജറ്റ് വിഹിതം |
| 10. | ഒരു ലക്ഷം യുവജനങ്ങൾക്ക് തൊഴിൽദാന പദ്ധതി | 0.00 | ആർ.കെ.വി.വൈ-ൽ നിന്നും രൂപ അനുവദിച്ചു. |
| 11. | വിദ്യാലയങ്ങൾക്ക് ബയോഗ്യാസ് പ്ലാന്റ് | 5.14 | 2014- ൽ ഉപധനാഭ്യർത്ഥന വഴി അനുവദിച്ച തുക |
| 12. | അഗ്രോ സർവ്വീസ് സെന്ററുകൾ | 27.50 | 2014-15-ലെ ബഡ്ജറ്റ് വിഹിതം |
| 13. | ജൈവകൃഷി പ്രോത്സാഹനം | 13.35 | 2014-15-ലെ ബഡ്ജറ്റ് വിഹിതം |
| 14. | ഓർഗാനിക് സർട്ടിഫിക്കേഷൻ | | |
| 15. | ഗുണമേന്മാ പരിശോധനാ സംവിധാനം | 0.75 | 2014-15-ലെ ബഡ്ജറ്റ് വിഹിതം |
| 16. | തൃശ്ശൂരിലെ അഗ്രി കോംപ്ലക്സ് | 10.00 | 2013-14-ലെ ബഡ്ജറ്റ് വിഹിതം ഇതിൽ 2 കോടി രൂപ അനുവദിച്ചു. |
| 17. | പച്ചക്കറി, പുഷ്പ കൃഷിക്കായി മികവിന്റെ കേന്ദ്രം | 0.00 | പദ്ധതിയുടെ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. നാളിതു വരെ അനുമതി ലഭിച്ചിട്ടില്ല. |

(സി) ഇവയിൽ പൂർത്തിയാക്കിയ പദ്ധതികൾ ഏതെല്ലാം ; പണി ആരംഭിച്ച പദ്ധതികൾ ഏതെല്ലാം ; പണി ആരംഭിക്കാത്ത പദ്ധതികൾ ഏതെല്ലാം ; വിശദമാക്കാമോ ?

(സി) കൃഷി വകുപ്പിന് കീഴിൽ മിഷൻ 676 ൽ ഉൾപ്പെടുത്തിയ പദ്ധതികളിൽ ഭൂരിഭാഗവും 2014- 2015 പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുന്നവയാണ്. ഇവയുടെ നിർവ്വഹണം നടന്നു വരുന്നു. 2015 മാർച്ചോടു കൂടി നിർവ്വഹണം പൂർത്തിയാക്കുന്നതാണ്. നീര ഉത്പാദനം, കേരസമൃദ്ധി, കർഷക ഉത്പാദക സംഘങ്ങളും കാർഷിക മാളും, ജൈവകൃഷി പ്രോത്സാഹനം, തൃശ്ശൂരിലെ അഗ്രി കോംപ്ലക്സ് എന്നിവയുടെ നിർവ്വഹണം ആരംഭിച്ചിട്ടുണ്ട്. എന്നാൽ ഇവ ദീർഘകാലാടിസ്ഥാനത്തിലുള്ളവ ആയതിനാൽ 2015-16 സാമ്പത്തിക വർഷത്തിൽ മാത്രമേ പ്രഖ്യാപിത ലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിക്കുകയുള്ളു. മേഖല കൃഷി ഡയറക്ടറേറ്റ്, പച്ചക്കറി, പുഷ്പ കൃഷിക്കായി മികവിന്റെ കേന്ദ്രം എന്നീ പദ്ധതികൾ ആരംഭിച്ചിട്ടില്ല. പച്ചക്കറി, പുഷ്പ കൃഷിക്കായി മികവിന്റെ കേന്ദ്രം സ്ഥാപിക്കുന്നതോടനുബന്ധിച്ച് ഒരു പ്രൊപ്പോസൽ എസ്.എച്ച്.എം. കേരള, കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.
നിറവ് പദ്ധതിക്കും ഉപധനാഭ്യർത്ഥനയിലൂടെ നാമമാത്ര തുക മാത്രമേ ലഭിച്ചിട്ടുള്ളു. കൂടുതൽ തുക ലഭിക്കുന്നതിനനുസരിച്ച് പദ്ധതി ആരംഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ